# പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE: 08.12.2024

## പ്രധാനവാർത്തകൾ

1. സംസ്ഥാനത്ത് മന്ത്രിമാരുടെ നേതൃത്വത്തിലുള്ള കരുതലും കൈത്താങ്ങും താലൂക്ക് തല പരാതി പരിഹാര അദാലത്തിന് നാളെ തുടക്കം.
2. പതിനാറാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട് തയ്യാറാക്കുന്നതിനായി കമ്മീഷൻ ചെയർമാനും അംഗങ്ങളും സംസ്ഥാനത്തെത്തി.
3. മാലിന്യമുക്ത നവ കേരളം, ദാരിദ്ര്യ നിർമ്മാജനം എന്നിവ സംബന്ധിച്ച സംയോജിത പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷന്മാരുമായി മുഖ്യമന്ത്രി നാളെ സംവദിക്കും.
4. സൗദിയിൽ മോചനം കാത്ത് കഴിയുന്ന കോഴിക്കോട് ഫറോക്ക് സ്വദേശി അബ്ദുൾ റഹീമിൻറെ മോചനവുമായി ബന്ധപ്പെട്ട വിധി പ്രഖ്യാപനം റിയാദ് കോടതി മാറ്റിവച്ചു.
5. ഏഷ്യാകപ്പ് അണ്ടർ 19 പുരുഷ ക്രിക്കറ്റ് കിരീടം ബംഗ്ലാദേശിന്. ഐ.എസ്.എൽ ഫുട്ബോളിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡ് - മോഹൻ ബഗാൻ മത്സരം രാത്രി 7.30 ന്.

&&&&&&&&&&&&&&&&&&&&

RNUTVPM

ഹെഡ് ലൈൻ - 1

**കരുതലും കൈത്താങ്ങും**

മന്ത്രിമാരുടെ നേതൃത്വത്തിലുള്ള കരുതലും കൈത്താങ്ങും താലൂക്കതല പരാതി പരിഹാര അദാലത്തിന് നാളെ തുടക്കം. ഇതിൻറെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ഗവൺമെന്റ് വിമെൻസ് കോളേജിൽ മുഖ്യമന്ത്രി പിണറായി വിജയൻ നാളെ രാവിലെ നിർവഹിക്കും. തുടർന്ന് തിരുവനന്തപുരം താലൂക്ക് അദാലത്ത് നടക്കും. അദാലത്തിന് മന്ത്രിമാർ നേതൃത്വം നൽകും.

&&&&&&&&&&&&&&&&&&&&

ഹെഡ് ലൈൻ - 2

**ധനകാര്യ കമ്മീഷൻ**

പതിനാറാം ധനകാര്യ കമ്മീഷൻ ചെയർമാൻ അരവിന്ദ് പനഗരിയയും അംഗങ്ങളുമടങ്ങിയ സംഘം സംസ്ഥാനത്തെത്തി. ധനകാര്യ കമ്മീഷൻ റിപ്പോർട്ട് തയ്യാറാക്കുന്നതാനായി സംസ്ഥാനങ്ങളിലേക്കുള്ള പഠന യാത്രകളുടെ ഭാഗമായാണ് സന്ദർശനം. ഉച്ചയ്ക്ക് ശേഷം കൊച്ചിയിലെത്തിയ സംഘത്തെ ധനകാര്യ മന്ത്രി കെ എൻ ബാലഗോപാലിന്റെ നേതൃത്വത്തിൽ സ്വീകരിച്ചു. തുടർന്ന് സംഘം കുമരകത്തേയ്ക്ക് യാത്രതിരിച്ചു. ചൊവ്വാഴ്ച കോവളത്ത് മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ സ്വീകരണം നൽകും. 2026 ഏപ്രിൽ ഒന്നുമുതലാണ് കമ്മീഷന്റെ ശുപാർശ പ്രകാരമുള്ള ധന വിഹിതങ്ങൾ കേരളത്തിന് ലഭ്യമായി തുടങ്ങുക.

RNUTVPM

&&&&&&&&&&&&&&&&&&&&

ഹെഡ് ലൈൻ - 4

**സൗദി - അബ്ദു റഹീം മോചനം**

സൗദിയിൽ മോചനം കാത്ത് കഴിയുന്ന കോഴിക്കോട് ഫറോക്ക് സ്വദേശി അബ്ദുൾ റഹീമിൻ്റെ മോചനവുമായി

ബന്ധപെട്ട വിധി പ്രഖ്യാപനം റിയാദ് കോടതി മാറ്റി വെച്ചു. വിഷയത്തിൽ വാദം കേൾക്കുന്ന നടപടികളാണ് നടന്നതെന്ന് നിയമ സഹായ സമിതി വൃത്തങ്ങൾ അറിയിച്ചു. ദയാധനം സ്വീകരിച്ചതിന് ശേഷം സൗദി കുടുംബം മാപ്പ് നൽകാൻ തയ്യാറാണെന്ന് റിയാദ് ക്രിമിനൽ കോടതിയെ അറിയിച്ചതിനെ തുടർന്ന് കഴിഞ്ഞ ജൂലൈ 2-നാണ് അബ്ദുൾ റഹീമിന്റെ വധശിക്ഷ റദ്ദാക്കി കൊണ്ടുള്ള കോടതി ഉത്തരവുണ്ടായത്. എന്നാൽ മോചനം സംബന്ധിച്ച് അന്തിമ ഉത്തരവ് ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല. സൗദി പൗരന്റെ മരണത്തെ തുടർന്ന് കഴിഞ്ഞ 18 വർഷമായി റിയാദിലെ ജയിലിൽ കഴിയുകയാണ് അബ്ദുൾ റഹീം.

**&&&&&&&&&&&&&&&&&&&&**

**ദേശീയ പഞ്ചായത്ത് അവാർഡ് - ഇൻട്രോ**

ഈ വർഷത്തെ ദേശീയ പഞ്ചായത്ത് അവാർഡ് രാഷ്ട്രപതി ദ്രൗപദി മുർമു ബുധനാഴ്ച ന്യൂഡൽഹിയിൽ സമ്മാനിക്കും. കേരളത്തിൽ നിന്ന് മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ് പഞ്ചായത്തും കിലയുമാണ് പുരസ്ക്കാരത്തിന് അർഹമായത്. ദാരിദ്ര്യ നിർമാർജനത്തിലെ മികച്ച പ്രവർത്തനങ്ങൾക്കാണ് പെരുമ്പടപ്പ് പഞ്ചായത്തിന് പുരസ്ക്കാരം. തുടർച്ചയായ രണ്ടാം തവണയും ദേശീയ അവാർഡ് ലഭിച്ചതിൽ ഏറെ അഭിമാനമുണ്ടെന്ന് പഞ്ചായത്ത് പ്രസിഡന്റ് ബിനേഷ മുസ്തഫ ആകാശവാണി വാർത്തകളോട് പറഞ്ഞു.

(ഹോൾഡ് വോയിസ്)

**&&&&&&&&&&&&&&&&&&&&**

ഹെഡ് ലൈൻ - 3

**മുഖ്യമന്ത്രി**

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാരുമായും ജനപ്രതിനിധികളുമായും മുഖ്യമന്ത്രി പിണറായി വിജയൻ

RNU TVPM

നാളെ ഓൺലൈനായി സംവദിക്കും. അതിദാരിദ്ര്യ നിർമ്മാജനം, പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ, മാലിന്യമുക്ത നവകേരളം എന്നിവ സംബന്ധിച്ച സംയോജിത പ്രവർത്തനം ആവിഷ്കരിക്കുകയാണ് യോഗത്തിന്റെ ലക്ഷ്യം. മന്ത്രിമാരായ എം ബി രാജേഷ്, വീണാ ജോർജ്, ആർ ബിന്ദു, ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ എന്നിവരും യോഗത്തിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&&&&&

**തദ്ദേശ വാർഡ് - ഉപതെരഞ്ഞെടുപ്പ്**

സംസ്ഥാനത്തെ 31 തദ്ദേശവാർഡുകളിൽ ഉപതിരഞ്ഞെടുപ്പ് നടത്തുന്നതിന് മുന്നൊരുക്കങ്ങൾ പൂർത്തിയായതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ അറിയിച്ചു. വോട്ടെടുപ്പ് ചൊവ്വാഴ്ച രാവിലെ ഏഴ് മണി മുതൽ വൈകുന്നേരം ആറ് മണി വരെയാണ്.

&&&&&&&&&&&&&&&&&&&&

**എ.കെ ശശീന്ദ്രൻ - വയനാട്**

ഉരുൾപൊട്ടൽ ദുരന്തം വിതച്ച വയനാടിന് പ്രത്യേക പരിഗണന വേണമെന്ന് മന്ത്രി എ.കെ ശശീന്ദ്രൻ. വയനാട് പുനരധിവാസത്തിൽ സംസ്ഥാന സർക്കാരിന് ഉദാസീനതയോ ഒളിച്ചുകളിയോ ഇല്ലെന്നും അദ്ദേഹം കോഴിക്കോട് മാധ്യമങ്ങളോട് പറഞ്ഞു. വയനാട് ഉരുൾപൊട്ടൽ സവിശേഷ ദുരന്തമായി പ്രഖ്യാപിക്കണമെന്നാണ് സർക്കാർ ആവശ്യമെന്നും മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&

**നിർമിത ബുദ്ധി കോൺക്ലേവ് - ആർ ബിന്ദു**

നിർമിത ബുദ്ധിയും വിദ്യാഭ്യാസത്തിന്റെ ഭാവിയും എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര സമ്മേളനത്തിന് തിരുവനന്തപുരത്ത് തുടക്കമായി. മന്ത്രി ആർ ബിന്ദു ഉദ്ഘാടനം ചെയ്തു. ചൊവ്വാഴ്ച വരെ നടക്കുന്ന

RNU TVPM

സമ്മേളനത്തിൽ ദേശീയ അന്തർദേശീയ തലത്തിലെ വിദഗ്ധർ പങ്കെടുക്കുന്നുണ്ട്.

&&&&&&&&&&&&&&&&&&&&

ഹെഡ് ലൈൻ - 5

**അണ്ടർ 19 ക്രിക്കറ്റ്**

ഏഷ്യാകപ്പ് അണ്ടർ 19 പുരുഷ ക്രിക്കറ്റ് കിരീടം ബംഗ്ലാദേശിന്. ദുബായ് ഇൻറർ നാഷണൽ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഇന്ന് നടന്ന ഫൈനലിൽ ഇന്ത്യയെ 59 റൺസിനാണ് ബംഗ്ലാദേശ് പരാജയപ്പെടുത്തിയത്. ബംഗ്ലാദേശ് ഉയർത്തിയ 198 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഇന്ത്യ 139 റൺസിന് പുറത്തായി.

&&&&&&&&&&&&&&&&&&&&

ഹെഡ് ലൈൻ - 5 എ

**ക്രിക്കറ്റ്**

ഓസ്ട്രേലിയക്കെതിരായ ബോർഡർ-ഗവാസ്കർ ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം ടെസ്റ്റിൽ ഇന്ത്യയ്ക്ക് പത്തു വിക്കറ്റ് തോൽവി. രണ്ടാം ഇന്നിംഗ്സിൽ ഇന്ത്യ 175 ന് പുറത്തായി. 19 റൺസ് വിജയ ലക്ഷ്യം ഓസീസ് വിക്കറ്റൊന്നും നഷ്ടപ്പെടാതെ മറികടക്കുകയായിരുന്നു. മൂന്നാം ടെസ്റ്റ് ബ്രിസ്ബേനിൽ 14 ന് ആരംഭിക്കും.

&&&&&&&&&&&&&&&&&&&&

**ഐഎസ്എൽ**

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് നോർത്ത് ഈസ്റ്റ് യുണൈറ്റഡ് - മോഹൻ ബഗാനെ നേരിടും. രാത്രി 07.30 നാണ് മത്സരം.

&&&&&&&&&&&&&&&&&&&&

**കാസർഗോഡ് -ഇൻട്രോ**

പൊതു വിദ്യാഭ്യാസ വകുപ്പിൻറെ നേതൃത്വത്തിൽ കാസർഗോഡ് നടക്കുന്ന ദിശ പ്രദർശനത്തിൻറെ ഭാഗമായി ഒരുക്കിയ 'ന്യൂട്രി തട്ടുകട' ശ്രദ്ധേയമാകുന്നു.

RNUTVPM

ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി പി ജഗന്നിവാസൻ തയ്യാറാക്കിയ റിപ്പോർട്ട്....
(വോയിസ്)

&&&&&&&&&&&&&&&&&&&&

നഴ്സിംഗ് വിദ്യാർത്ഥി -കാഞ്ഞങ്ങാട്

വിദ്യാർത്ഥിനി ആത്മഹത്യക്ക് ശ്രമിച്ചതിന് പിന്നാലെ കാഞ്ഞങ്ങാട് സ്വകാര്യ ആശുപത്രിക്ക് മുന്നിൽ നഴ്സിംഗ് വിദ്യാർത്ഥികൾ പ്രതിഷേധിക്കുന്നു. പോലീസ് സ്ഥലത്തെത്തിയിട്ടുണ്ട്. ഇന്നലെ ഉച്ചയ്ക്ക് മൂന്നാം വർഷ ജനറൽ നഴ്സിംഗ് വിദ്യാർത്ഥിനി ഹോസ്റ്റൽ മുറിയിൽ ആത്മഹത്യക്ക് ശ്രമിച്ചതിനെ തുടർന്ന് അത്യാസന്ന നിലയിൽ മംഗലാപുരം ആശുപത്രിയിൽ ചികിത്സയിലാണ്.

&&&&&&&&&&&&&&&&&&&&

ആകാശവാണി നിലയം

ആകാശവാണി തിരുവനന്തപുരം നിലയത്തിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ചുള്ള പ്രതിമാസ പ്രഭാഷണ പരമ്പര ആലപ്പുഴ തലവടി ബാലസുബ്രഹ്മണ്യ സ്വാമി ക്ഷേത്ര ഓഡിറ്റോറിയത്തിൽ നടന്നു. തോമസ് കെ തോമസ് എം.എൽ.എ ഉദ്ഘാടനം നിർവ്വഹിച്ചു. കുട്ടനാടിന്റെ ചരിത്രവും വർത്തമാനവും എന്ന വിഷയത്തിൽ എം.ജി ശശിഭൂഷൺ പ്രഭാഷണം നടത്തി. തിരുവനന്തപുരം ആകാശവാണി പ്രോഗ്രാം മേധാവി ശിവകുമാർ, തിരുവനന്തപുരം ആകാശവാണി അസിസ്റ്റൻ്റ് ഡയറക്ടർ ശ്രീകുമാർ മുഖത്തല എന്നിവരും സംസാരിച്ചു. ശ്രദ്ധേയരായ കഥാകൃത്തുക്കൾ പങ്കെടുത്ത കഥയരങ്ങും നടന്നു.

&&&&&&&&&&&&&&&&&&&&

ലക്ഷദ്വീപ് അപകടം

ലക്ഷദ്വീപിലെ ബംഗാരം ദ്വീപിൽ വിനോദയാത്രയ്ക്ക് എത്തിയ സംഘത്തിലെ രണ്ട് സ്കൂൾ വിദ്യാർത്ഥികൾ മുങ്ങി മരിച്ചു. അഗത്തി ദ്വീപിനടുത്ത് സ്ഥിതി ചെയ്യുന്ന ബംഗാരം ദ്വീപിലെ കടൽ തീരത്ത് കുളിക്കാൻ ഇറങ്ങിയ കുട്ടികളാണ്

RNU TVPM

അപകടത്തിൽപ്പെട്ടത്. ഇരുവരും ഒന്നാം ക്ലാസ് വിദ്യാർത്ഥികളാണ്.

&&&&&&&&&&&&&&&&&&&&

**മിനിബസ് അപകടം**

ശബരിമല തീർത്ഥാടകർ സഞ്ചരിച്ചിരുന്ന മിനി ബസ് മറിഞ്ഞ് 15 പേർക്ക് പരിക്കേറ്റു. കോട്ടയത്തെ കോരുത്തോട് കോസടിക്ക് സമീപം ഇന്ന് പുലർച്ചെയാണ് തമിഴ്നാട് സ്വദേശികൾ സഞ്ചരിച്ച വാഹനം അപകടത്തിൽ പെട്ടത്. പരിക്കേറ്റവരെ മുണ്ടക്കയത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

&&&&&&&&&&&&&&&&&&&&

**IFFK- ആർ ബിന്ദു**

മികവാർന്ന സിനിമകൾ ജനങ്ങളിലേക്ക് എത്തിക്കേണ്ട ഉത്തരവാദിത്തം കേരള രാജ്യാന്തര ചലച്ചിത്ര മേള പൂർണ അർത്ഥത്തിൽ നിർവഹിക്കുന്നുവെന്ന് മന്ത്രി ആർ ബിന്ദു പറഞ്ഞു. 29 -ാമത് രാജ്യാന്തര ചലച്ചിത്ര മേളയുടെ മീഡിയ സെൽ തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. വനിതാ സംവിധായകരുടെ സിനിമകളുടെ പ്രാതിനിധ്യം ഈ വർഷത്തെ മേളയെ കൂടുതൽ ശ്രദ്ധേയമാക്കുമെന്നും മന്ത്രി പറഞ്ഞു. മേള ഈ മാസം 13 ന് ആരംഭിക്കും.

&&&&&&&&&&&&&&&&&&&&

**പി രാജീവ്-തിമിര വിമുക്ത യജ്ഞം**

എറണാകുളം ജില്ലയിൽ സമ്പൂർണ്ണ തിമിര വിമുക്ത യജ്ഞത്തിനു തുടക്കം. ഒരു വർഷത്തിനുള്ളിൽ ജില്ലയെ സമ്പൂർണ്ണ തിമിര വിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെയുള്ള ദൃഷ്ടി 2024-25 ന്റെ ഉദ്ഘാടനം ആലുവ യൂ.സി. കോളേജിൽ മന്ത്രി പി രാജീവ് നിർവഹിച്ചു. മഹാത്മാഗാന്ധി സർവകലാശാല നാഷണൽ സർവീസ് സ്കീമും ആലുവ യൂണിയൻ ക്രിസ്ത്യൻ കോളേജ്

RNUTVPM

എൻ എസ് എസ് യൂണിറ്റും സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്. ചടങ്ങിൽ വജ്ര ജൂബിലി ലോഗോ തപാൽ സ്റ്റാമ്പ് മന്ത്രി പ്രകാശനം ചെയ്തു.

**&&&&&&&&&&&&&&&&&&&&**

**ആലപ്പുഴ-ആരോഗ്യവകുപ്പ് പരിശോധന**

ഗർഭസ്ഥ ശിശുവിൻറെ വൈകല്യം കണ്ടെത്താത്തത് വിവാദമായിരിക്കെ ആലപ്പുഴ ജില്ലയിലെ സർക്കാർ ആശുപത്രികൾ കേന്ദ്രീകരിച്ച് ആരോഗ്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി രാജൻ എൻ ഖൊബ്രഗഡെ പരിശോധന നടത്തി. ജില്ലാ കളക്ടർ അലക്സ് വർഗീസിൻറെ സാന്നിധ്യത്തിൽ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗവും ചേർന്നു .ആൻറിബയോട്ടിക് ദുരുപയോഗം തടയാനുള്ള പ്രവർത്തനങ്ങളിൽ മികവ് പുലർത്തിയ ആലപ്പുഴ കടപ്പുറം ആശുപത്രിക്കുള്ള പുരസ്കാരവും അദ്ദേഹം കൈമാറി.

**&&&&&&&&&&&&&&&&&&&&**

**&&&&&&&&&&&&&&&**

**&&&&&&&&&**

RNUT/PM